**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4443** **29-10-2021 - ൽ മറുപടിയ്ക്ക്**

**കുരക്കലകുളമ്പ്, ചിന്നകൗണ്ടന്നൂർ, ഓനാന്തറ പട്ടികജാതി കോളനികളിൽ അംബേദ്കർ ഗ്രാമവികസന പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ മാത്യു ടി. തോമസ്** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പാലക്കാട് ജില്ലയിലെ കുരക്കലകുളമ്പ്, ചിന്നകൗണ്ടന്നൂർ, ഓനാന്തറ എന്നീ പട്ടികജാതി കോളനികളിൽ അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം വിവിധ പ്രവൃത്തികൾക്കായി വകയിരുത്തിയ തുകയെത്രയാണെന്നും എത്ര രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ വിശദമാക്കാമോ; | (എ) | കരകരകുളമ്പ് കോളനി - 1,00,00,000/-<br>ചിന്നകൗണ്ടന്നൂർ കോളനി - 4 2,68,846/-<br>ഓനാന്തറ കോളനി - 1,00,00,000/- |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാകുമെന്നും അറിയിക്കുമോ; | (ബി) | കരകരകുളമ്പ്, ചിന്നകൗണ്ടന്നൂർ, ഓനാന്തറ എന്നീ കോളനികളുടെ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. 2021 നവംബർ മാസാവസാനത്തോടെ പൂർത്തീകരിക്കുമെന്നും നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |
| (സി) | ചിന്നകൗണ്ടന്നൂർ പട്ടികജാതി കോളനിയുടെ വികസനത്തിനായി വകയിരുത്തിയ അൻപത് ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കി ഭരണാനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | ചിന്നകൗണ്ടന്നൂർ കോളനിയിൽ 42,68,846/- രൂപയുടെ പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ വകയിരുത്തിയ മുഴുവൻ തുകയും വിനിയോഗിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ചിന്നകൗണ്ടന്നൂർ കോളനിയിൽ 42,68,846/- രൂപയുടെ പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ